## പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 539 | 29.01.2019-ലെ മറുപടിയ്ക്ക്

## കിക്കോഫ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ടി.വി.ഇബ്രാഹിം** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാന സർക്കാർ കായിക വികസനത്തിന് വേണ്ടി നടപ്പിലാക്കുന്ന കിക്കോഫ് പദ്ധതി എത്ര സ്കൂളുകളിൽ നടപ്പിലാക്കി വരുന്നു; സ്കൂളുകളുടെ പേരുവിവരം ജില്ല തിരിച്ച് അറിയിക്കാമോ; | (എ) | ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കിക്കോഫ് എന്ന ഗ്രാസ്റ്റ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ 20 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 8 സ്കൂളുകളിൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് വേണ്ടി തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകളുടെ പേരു വിവരം **അനുബന്ധം-I** ലും പദ്ധതി ആരംഭിച്ച സ്കൂളുകളുടെ ജില്ല തിരിച്ചുള്ള പേരു വിവരം **അനുബന്ധം-II** ലും ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) | കിക്കോഫ് പദ്ധതിയിൽ നടക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | 'കിക്കോഫ്' പരിശീലന പദ്ധതിയ്ക്കായി തെരഞ്ഞടുക്കപ്പെട്ട സ്കൂളുകളിലെ കുട്ടികൾക്കു പുറമേ ടി സ്കൂളിന്റെ പരിസര പ്രദേശങ്ങളിലെ സ്കൂളുകളിലെ കുട്ടികളെക്കൂടി ഉൾപ്പെടുത്തി Zig Zag, 2 Vs. 2, Speed Test എന്നീ മൂന്ന് ടെസ്റ്റുകൾ നടത്തി 50 കുട്ടികളെ തെരഞ്ഞെടുക്കുകയും അവർക്ക് 4 ദിവസം ഓരോ മണിക്കൂർ വീതമുള്ള പരിശീലന ക്യാമ്പ് സംഘടിപ്പിച്ച് വീണ്ടും മത്സരം നടത്തി അതിൽ മികവ് തെളിയിക്കുന്ന 25 കുട്ടികൾക്കാണ് മികച്ച പരിശീലനത്തിനുവേണ്ടി സൗകര്യം ഒരുക്കുന്നത്. അതിനുശേഷം സ്കൂൾ |

| | | | |
|---|---|---|---|
| | | | തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഈ കുട്ടികൾക്കായി മത്സരം സംഘടിപ്പിക്കും. മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികൾക്ക് ദേശീയ-അന്തർദേശീയ തലത്തിലുള്ള മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് അവസരം ലഭിക്കും. |
| (സി) | കിക്കോഫ് പദ്ധതിക്കായി അവസാനം തെരഞ്ഞെടുത്ത എട്ട് സ്കൂളുകളിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കുട്ടികളും സ്കൂളുകളുമുള്ള മലപ്പുറം ജില്ലയിൽ നിന്ന് ഒരു സ്കൂൾ പോലും ഉൾപ്പെട്ടിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) & (ഡി) | ഇല്ല. ഈ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 8 സ്കൂളുകളിൽ മലപ്പുറം ജില്ലയിലെ രാജാസ് ജി.എച്ച്.എസ്.എസ്, കോട്ടക്കൽ എന്ന സ്കൂളും ഉൾപ്പെട്ടിട്ടുണ്ട്. |
| (ഡി) | കിക്കോഫ് പദ്ധതിയിൽ മലപ്പുറം ജില്ലയിലെ വിദ്യാർത്ഥികൾക്ക് അവസരം നിഷേധിച്ചതിന്റെ കാരണം വ്യക്തമാക്കാമോ; | | |
| (ഇ) | കിക്കോഫ് പദ്ധതിയിലേക്ക് സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ? | (ഇ) | പ്രത്യേക മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം -I

## കിക്കോഫ് പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളുടെ പേര് വിവരങ്ങൾ

| ക്രമ നം | സ്കൂളിന്റെ പേര് | ജില്ല |
|---|---|---|
| 1 | ജി.വി.എച്ച്.എസ്.എസ്.കുളത്തൂർ, തിരുവനന്തപുരം | തിരുവനന്തപുരം |
| 2 | ജി.എച്ച്.എസ്, ചവറ, ശങ്കരമംഗലം | കൊല്ലം |
| 3 | കെ.എം. ജി.എച്ച്.എസ്., തിരുവല്ല | പത്തനംതിട്ട |
| 4 | ജി.എച്ച്.എസ്., കലവൂർ, മാരാരികുളം | ആലപ്പുഴ |
| 5 | ജി.എച്ച്.എസ്.എസ്.,തലയോലപറമ്പ്, വൈക്കം | കോട്ടയം |
| 6 | ജി.ട്രൈബൽ എച്ച്.എസ്.എസ്., കട്ടപ്പന | ഇടുക്കി |
| 7 | ജി.എച്ച്.എസ്.എസ്., എളംകുന്നപ്പുഴ | എറണാകുളം |
| 8 | ജി.എച്ച്.എസ്.എസ്., എരുമപ്പെട്ടി | തൃശ്ശൂർ |
| 9 | ജി.എച്ച്.എസ്., മണത്തല, ഗുരുവായൂർ | തൃശ്ശൂർ |
| 10 | ജി.എച്ച്.എസ്.എസ്., കാരാക്കുറിശ്ശി | പാലക്കാട് |
| 11 | ജി.എച്ച്.എസ്.എസ്., പട്ടാമ്പി | പാലക്കാട് |
| 12 | രാജാസ് ജി.എച്ച്.എസ്.എസ്., കോട്ടക്കൽ | മലപ്പുറം |
| 13 | ജി.എച്ച്.എസ്.എസ് പയ്യാമ്പ്ര, കുരുവാട്ടൂർ, കോഴിക്കോട് | കോഴിക്കോട് |
| 14 | ജി.എച്ച്.എസ്.എസ്., പനമരം, വയനാട് | വയനാട് |
| 15 | കെ.പി.ആർ.എം.ജി.എച്ച്.എസ്.എസ്.കല്യാശ്ശേരി | കണ്ണൂർ |
| 16 | ജി.എച്ച്.എസ്.എസ്, കുടാലി, കണ്ണൂർ | കണ്ണൂർ |
| 17 | ജി.എച്ച്.എസ്.എസ്.ചിറ്റാരിപ്പറമ്പ്, കണ്ണൂർ | കണ്ണൂർ |
| 18 | പയ്യന്നൂർ ജി.എച്ച്.എസ്.എസ്, കണ്ണൂർ | കണ്ണൂർ |
| 19 | കണ്ണൂർ ഐ.എം.എൻ.എസ്.ജി.എച്ച്.എസ്.എസ് മയ്യിൽ | കണ്ണൂർ |
| 20 | ജി.എഫ്.എച്ച്.എസ്.എസ്., പടന്ന കടപ്പുറം | കാസർഗോഡ് |

S.O

## അനുബന്ധം -II

## കിക്കോഫ് പദ്ധതി ആരംഭിച്ച സ്കൂളുകളുടെ ജില്ല തിരിച്ചുള്ള പേരു വിവരം

| ക്രമ നം | സ്കൂളിന്റെ പേര് | ജില്ല |
|---|---|---|
| 1 | ജി.എച്ച്.എസ്.എസ്., എരുമപ്പെട്ടി | തൃശ്ശൂർ |
| 2 | ജി.എച്ച്.എസ്.എസ്., പട്ടാമ്പി | പാലക്കാട് |
| 3 | ജി.ആർ.എച്ച്.എസ്.എസ്., കോട്ടക്കൽ | മലപ്പുറം |
| 4 | ജി.എച്ച്.എസ്.എസ് പയ്യാമ്പ്ര, കുരുവാറ്റൂർ, കോഴിക്കോട് | കോഴിക്കോട് |
| 5 | ജി.എച്ച്.എസ്.എസ്., പനമരം, വയനാട് | വയനാട് |
| 6 | കെ.പി.ആർ.എം.ജി.എച്ച്.എസ്.എസ്.കല്യാശ്ശേരി | കണ്ണൂർ |
| 7 | ജി.എച്ച്.എസ്.എസ്, കൂടാലി, കണ്ണൂർ | കണ്ണൂർ |
| 8 | ജി.എഫ്.എച്ച്.എസ്.എസ്., പടന്ന കടപ്പുറം | കാസർഗോഡ് |